ശങ്കു ചേർത്തല

# മയിലമ്മയും നീലാണ്ടൻ കാക്കയും

മൈലാഞ്ചിക്കാട്ടിലെ മയിലമ്മക്ക് അഞ്ചുമക്കളുണ്ട്. മക്കൾ മുറ്റത്തു നടക്കാൻ തുടങ്ങിയപ്പോൾ മയിലമ്മക്ക് പേടിയായി. മറ്റൊന്നുമല്ല, മഞ്ചാടിക്കാട്ടിൽ വേറെയും പക്ഷികളുണ്ട്. കാക്ക, കുയിൽ, മൈന തുടങ്ങിയ സാധാരണ പക്ഷികൾ. അവരെ കൂട്ടത്തിൽ ചേർക്കാൻ കൊള്ളില്ല. അതാണ് മയിലമ്മയുടെ ഭയം.

പക്ഷികളിൽ അന്തസ്സും അഭിമാനവും അഴകുമുള്ളവരാണ് മയിലുകൾ. കണ്ട കാക്കകളുടെയും കുയിലുകളുടെയും മക്കളുമായി തന്റെ മക്കൾ ചങ്ങാത്തം കൂടുമോ എന്നാണവളുടെ ആശങ്ക.

‘‘പറന്ന് വെളിയിലേക്ക് പോകുന്നതൊക്കെ കൊള്ളാം. ചപ്പും ചിപ്പും തിന്ന് നടക്കുന്ന വൃത്തിയില്ലാത്ത കൂട്ടങ്ങളുമായി കൂട്ടുകൂടാനൊന്നും നിൽക്കണ്ട.’’

മയിലമ്മ മക്കൾക്ക് മുന്നറിയിപ്പ് കൊടുത്തു.

അമ്മ ആരെ ഉദ്ദേശിച്ചാണ് പറയുന്നത് എന്ന് അവർക്ക് മനസ്സിലായില്ല. അവർ തമ്മിൽ തമ്മിൽ നോക്കി. ‘‘എന്താ മിഴിച്ചു നോക്കുന്നേ.. പറഞ്ഞതു മനസ്സിലായില്ലേ..?’’

അവർ ഇല്ല എന്ന അർത്ഥത്തിൽ തല കുലുക്കി.

‘‘നമ്മൾ മയിലുകൾ വിശേഷപ്പെട്ട പക്ഷികളാണ്. കൊട്ടാരങ്ങളിൽ വാഴേണ്ടവർ. കാക്കയും കുയിലും തത്തയും മൈനയുമെല്ലാം നിലവാരം കുറഞ്ഞവരാണ്. അവരുടെ കൂടെ നടന്നാൽ നമ്മുടെ കുലമഹിമ നഷ്ടപ്പെടും.’’

മക്കൾ പോയ്ക്കഴിഞ്ഞപ്പോൾ ആൺമയിൽ മയിലമ്മയെ കുറ്റപ്പെടുത്തി: ‘‘നീ എന്തി



## Discover Tomorrow

2020 -ൽ ടോക്കിയോയിൽ നടക്കുന്ന 32-ാം സമ്മർ ഒളി മ്പിക്സിന്റെ മുദ്രാവാക്യമാണ് DISCOVER TOMORROW എന്നത്.

TOKYO 2020

നാ മക്കളോട് മറ്റ് പക്ഷികളെ പറ്റി മോശമായി പറഞ്ഞത്? മയിലുകൾ കാണാൻ കൊള്ളാമെന്നത് നേരു തന്നെ. പക്ഷേ, മറ്റു കിളികൾക്കും നമ്മെപ്പോ ലെ വിശേഷഗുണങ്ങളുണ്ട്. കാക്കകൾ പരിസരം ശുചിയാക്കുന്ന കൂട്ടരാ. തമ്മിൽ തമ്മിൽ ഐക്യ വും അവരെപ്പോലെ മറ്റാർക്കുമില്ല. കുയിലുകൾ നല്ല ഗായകരാണ്. മൈനകൾ പരിശീലനം കിട്ടി യാൽ മറ്റു ശബ്ദങ്ങളും അനുകരിക്കും.''

''എന്നാലും വേണ്ട, നമ്മുടെ മക്കൾ ചീത്ത യാകാൻ ഞാൻ സമ്മതിക്കില്ല.'' മയിലമ്മ ഭർത്താ വിന്റെ അഭിപ്രായത്തോട് യോജിച്ചില്ല. പറന്നു നടക്കാൻ അനുവാദം കിട്ടിയ സന്തോഷത്തിലായി രുന്നു മയിലമ്മയുടെ മക്കൾ. ആദ്യമായാണ് കൂടു വിട്ട് വെളിയിൽ ഇറങ്ങുന്നത്. മൈലാഞ്ചിക്കാട് മുഴു വൻ ചുറ്റിയടിക്കാൻ അവർ തീരുമാനിച്ചു.

ഒരു മരത്തിൽ നിന്നും മറ്റൊന്നിലേക്ക് ഇളം ചി റകുകൾ വീശി അവർ പറന്നു. ഇടക്ക് തമ്മിൽ കല ഹിച്ചും കശപിശ കൂട്ടിയും അവർ യാത്ര ആസ്വദി ച്ചു. വിശക്കാൻ തുടങ്ങിയപ്പോഴാണ് ദൂരം ഒരുപാട് താണ്ടിയെന്ന് മനസ്സിലാക്കിയത്.

''നമുക്ക് വല്ലതും കഴിക്കണ്ടേ..?'' ഒരാൾ വി ശപ്പ് വിളിച്ചറിയിച്ചു. അവർ ഒരു മരക്കൊമ്പിൽ ഒത്തുകൂടി. എല്ലാവരും വിഷമിച്ചിരുന്നു. ''കൂട്ടിലാ യിരുന്നെങ്കിൽ അമ്മ തിന്നാനുള്ളത് കൊണ്ടു തരു മായിരുന്നു. നമുക്ക് തിരിച്ചു പോയാലോ...?''

''ചെന്നാൽ ഇനി വിട്ടില്ലെങ്കിലോ...'' അവർ ഓ രോന്നാലോചിച്ചിരുന്നു. അടുത്തെവിടെയോ കാക്ക കളുടെ കലമ്പൽ.

''എന്താണവിടെ? നമുക്കങ്ങോട്ടു ചെന്ന് നോ ക്കിയാലോ?'' ഒരാൾ തയ്യാറായപ്പോൾ മറ്റുള്ളവർ വിലക്കി.

''വേണ്ട! അത് കാക്കകളാ.. അവരോട് കൂടരു തെന്നല്ലേ അമ്മ പറഞ്ഞിട്ടുള്ളത്!''

അടുത്തൊരു പ്ലാവിൽ ചക്ക പഴുത്തിരുന്നു. അത് പങ്കുവെച്ച് കഴിക്കുന്നതിന്റെ ഉൽസാഹത്തിലാ യിരുന്നു കാക്കകൾ. കൊതിപ്പിക്കുന്ന ചക്കപ്പഴത്തി ന്റെ ഗന്ധം. മയിൽ കുഞ്ഞുങ്ങളുടെ വായിൽ വെള്ള മൂറി. വിശപ്പ് കത്തിക്കയറി.

ഞാൻ ഏതായാലും വല്ലതും കിട്ടുമോ എന്ന് നോക്കാൻ പോണു. ഒരാൾ കാക്കകൾ ഇരിക്കുന്ന പ്ലാവ് ലക്ഷ്യമാക്കി പറന്നു; പിന്നാലെ മറ്റുള്ളവരും. ''നിങ്ങൾ ഏതാ മക്കളേ...?'' കാക്കകളുടെ നേതാവ് നീലാണ്ടൻ കാക്ക തീറ്റക്കിടയിൽ മയിൽ കുഞ്ഞു ങ്ങളെ നോക്കി.

''മയിലമ്മയുടെ മക്കളാ...?''

''ഓ, മനസ്സിലായി. വിശക്കുന്നെങ്കിൽ വന്ന് കൊത്തിപ്പറിച്ച് തിന്നോ.'' നീലാണ്ടൻ കാക്ക മയിൽ കുഞ്ഞുങ്ങൾക്കായി സ്ഥാനം ഒഴിഞ്ഞുകൊടുത്തു. അവർ അഞ്ചുപേരും കാക്കകൾ തിന്നും പോലെ ചക്കച്ചുളകൾ തിന്നു തുടങ്ങി.

''ഹായ്.. നല്ല മധുരം..'' അവർ അടക്കം പറ ഞ്ഞു. അവർ വയറ് നിറയും വരെ തിന്നു.

''നിങ്ങളുടെ അമ്മക്ക് മൈലാഞ്ചിക്കാട്ടിലെ മറ്റു പക്ഷികളോട് വെറുപ്പാ.. ഞങ്ങളോടൊപ്പം ഇരുന്ന് തിന്ന കാര്യം അമ്മയോട് പറയണ്ട.'' മയിലമ്മയു ടെ മക്കൾ പോകാൻ ഒരുങ്ങിയപ്പോൾ നീലാണ്ടൻ കാക്ക ഓർമ്മപ്പെടുത്തി.

കുഞ്ഞുങ്ങൾ പേടിച്ച് പേടിച്ചാണ് കൂട്ടിൽ തിരി ച്ചെത്തിയത്. മക്കളെ കാണാതെ വിഷമിച്ചിരിക്കുക യായിരുന്നു മയിലമ്മ. ''എന്താ ഇത്ര താമസിച്ചേ?''

അവൾ മക്കൾക്ക് നേരെ കണ്ണുരുട്ടി.

"എന്താ ഒരു മണം?"

അവൾ മൂക്ക് വിടർത്തി സംശയത്തോടെ ഓരോരുത്തരെയും നോക്കി. കുറച്ച് നേരത്തേക്ക് ആരും ഒന്നും മിണ്ടിയില്ല. "ചക്കപ്പഴം എവിടന്ന് കിട്ടി നിങ്ങൾക്ക്?"

"വിശന്നിരുന്നപ്പോ നീലാണ്ടൻ കാക്ക വിളിച്ചു തന്നതാ.."

തീക്കൊള്ളിയിൽ ചവിട്ടിയ പോലെ മയിലമ്മ ഞെട്ടി.

"മയിലുകളെ ആക്ഷേപിച്ച് നടക്കുന്നവനാ അവൻ. അവന്റെ അടുക്കൽ തന്നെ നിങ്ങൾ ചെന്നു പെട്ടു." കലിയടങ്ങാതെ മയിലമ്മ തന്റെ ചിറകുകൊണ്ട് മക്കളെ മാറി മാറി തല്ലി. "മതി, ഊര് ചുറ്റൽ.."

ആദ്യമായി തിന്നാൻ കിട്ടിയ ചക്കപ്പഴത്തിന്റെ മാധുര്യത്തിൽ അമ്മയുടെ ശകാരവും ശിക്ഷയും അവരെ വേദനിപ്പിച്ചില്ല. ആൺ മയിൽ വന്നപ്പോൾ അവൾ ഒന്നിന് പത്തായി മക്കളുടെ വികൃതി പറഞ്ഞു കേൾപ്പിച്ചു. അവൻ കേട്ടഭാവം കാട്ടാതെ മക്കളെ കണ്ണിറുക്കി കാട്ടി.

"എവിടുന്നാ ചക്കപ്പഴം കിട്ടിയത്?" ആൺ മയിൽ മക്കൾക്കരികെ ചെന്ന് രഹസ്യത്തിൽ ചോദിച്ചു.

"അച്ഛാ... മൈലാഞ്ചിക്കാട് കാണാൻ നല്ല ഭംഗിയാ, നാളെയും ഞങ്ങൾ പോകും."

മയിലമ്മ അറിയാതെ അച്ഛന്റെ അനുവാദത്തോടെ അവർ കാടുമുഴുവൻ ചുറ്റിയടിച്ചു. അവർക്ക് ഒരുപാട് ചങ്ങാതിമാരെ കിട്ടി. കാക്കയും കുയിലും മൈനയും തത്തമ്മയും അവരുടെ കളിക്കൂട്ടുകാരായി. അവർ വളരുകയായിരുന്നു. ആൺകുട്ടികൾക്ക് ഭംഗിയാർന്ന പീലിയും വാലും വന്നു.

മറ്റു പക്ഷികൾ അവരെ ആരാധനയോടെ നോക്കി. കൂട്ടുകാർക്കായി പീലി വിരിച്ച് നൃത്തം ചെയ്തു. മയിലമ്മയുടെ വിലക്ക് ലംഘിച്ച് അവർ സൗഹൃദത്തിന്റെ മഴവില്ല് തീർത്തു. അങ്ങനെ ഇരിക്കെയാണ് അത് സംഭവിച്ചത്.

മൈലാഞ്ചിക്കാട്ടിൽ മയിലുകളുണ്ടെന്ന് കേട്ടറിഞ്ഞ് ഒരു കൂട്ടരെത്തി. മയിലെണ്ണ വിൽപ്പനക്കാരായ



ഏറ്റവും പ്രായം കുറഞ്ഞ നോബൽ സമ്മാന ജേതാവ്- മലാല യൂസഫ് സായ്



## പൂച്ച വിശേഷം

ശരീരത്തിലെ മുഴുവൻ രോമങ്ങളും എഴുന്നു നിൽക്കുന്നുവെങ്കിൽ പൂച്ച പേടിച്ചരണ്ടിരിക്കുന്നുവെന്നും ഇനി മുതുകിലെയും വാലിലെയും രോമങ്ങൾ എഴുന്നു നിൽക്കുന്നുണ്ടെങ്കിൽ ആക്രമിക്കാനുള്ള തയ്യാറെടുപ്പിലാണ് പൂച്ച എന്നുമർത്ഥം.



ലാടൻമാർ. ഒരു വൈകുന്നേരമാണവർ വന്നത്. മയിലമ്മയും കുടുംബവും അന്തിയുറങ്ങുന്ന സങ്കേതം അവർ കണ്ടുപിടിച്ചു. മൂന്നു പേരുണ്ടായിരുന്നു. തലയിൽ തലപ്പാവും പുറത്ത് ഭാണ്ഡവുമുള്ള അവർ വനഭംഗി ആസ്വദിക്കാനെത്തിയ വഴിപോക്കരെന്നേ പക്ഷികൾ കരുതിയുള്ളൂ.

രാത്രിയായി. പതുക്കെപ്പതുക്കെ ഇരുട്ടിൽ മൈലാഞ്ചിക്കാട് മുങ്ങി. മയിലമ്മയും കുടുംബവും ഉറങ്ങുന്ന മരത്തിന്റെ ചുവട്ടിൽ അവർ ഉറങ്ങാതെ കാത്തിരുന്നു. മിന്നാമിന്നികൾ ചെറുവെട്ടവുമായി അങ്ങിങ്ങ് പാറി നടന്നു. വനം പരിപൂർണ്ണ നിശ്ശബ്ദതയിൽ ലയിച്ചപ്പോൾ ലാടൻമാർ എഴുന്നേറ്റു. എന്തൊക്കെയോ ഒരുക്കങ്ങൾക്ക് ശേഷം ഒരാൾ മരത്തിലേക്ക് വലിഞ്ഞുകയറി.

മറ്റു രണ്ട് പേർ ശ്വാസമടക്കി നോക്കി നിന്നു. കയറുന്നയാൾ മൂക്കും വായും മൂടിക്കെട്ടിയിരുന്നു. പുറത്ത് എന്തോ ദ്രാവകം നിറച്ച സിലിണ്ടർ. ദേഹത്തെന്തോ വീഴുന്നതായി തോന്നിയാണ് ആൺമയിൽ ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നത്. രൂക്ഷമായ ഗന്ധം മൂക്കിൽ വന്ന് നിറഞ്ഞതായേ ഓർക്കുന്നുള്ളൂ.

മയങ്ങിപ്പോയ മയിലുകളെ ഒന്നൊന്നായി എടുത്ത് അയാൾ മരത്തിൽ നിന്നിറങ്ങി. ഒറ്റയടിക്ക് ഏഴെണ്ണം. സന്തോഷം അടക്കാനാവാതെ അവർ ഉറക്കെ ചിരിച്ചു. പിന്നെ നേരം പുലരാൻ കാത്തിരുന്നു. മഞ്ഞു വീണ് നനഞ്ഞ കാട്ടുവഴിയിലൂടെ മൂന്നുപേർ നടന്നകലുന്നത് ആദ്യം ഉണർന്ന കാക്കകളാണ് കണ്ടുപിടിച്ചത്. പിന്നിൽ നടക്കുന്ന ആളിന്റെ ചുമലിൽ തൂങ്ങുന്ന ഭാണ്ഡക്കെട്ടിൽ നിന്നും എന്തോ വെളിയിലേക്ക് തള്ളിനിൽക്കുന്നു.

“അത് മയിൽ പീലി പോലുണ്ടല്ലോ...”

ഒരാൾ സംശയം പ്രകടിപ്പിച്ചു.

“ശരിയാണ്. നമ്മുടെ മയിലമ്മക്കും കുടുംബത്തിനും വല്ലതും പറ്റിയോ?!”

“വരൂ.. വേഗം നീലാണ്ടൻ കാക്കയെ വിവരം അറിയിക്കാം.”

മൈലാഞ്ചിക്കാടിന്റെ അതിര് കടക്കും മുമ്പ് നീലാണ്ടന്റെ നേതൃത്വത്തിൽ കാക്കക്കൂട്ടം ലാടൻമാരെ വളഞ്ഞു.

കാ.. കാ... കാ.. കാ... കാക്കകൾ പിന്നെയും വന്നുകൊണ്ടിരുന്നു.

“ഇത്രയേറെ കാക്കകളോ... അവർക്ക് വിശ്വസിക്കാനായില്ല.”

“വിടരുതവൻമാരെ..” നീലാണ്ടന്റെ ആക്രോശം കേൾക്കേണ്ട താമസം, കാക്കപ്പട ലാടൻമാരെ പൊതിഞ്ഞ് കൊത്തിപ്പറിക്കാൻ തുടങ്ങി. കൈയും കലാശവും കാട്ടി അവർ കാക്കകളെ ഓടിക്കാൻ നോക്കി. അവരുണ്ടോ വിടുന്നു!

നിവൃത്തിയില്ലാതെ ഭാണ്ഡക്കെട്ട് ഉപേക്ഷിച്ച് തിരിഞ്ഞ് നോക്കാതെ അവർക്ക് ഓടേണ്ടി വന്നു. നീലാണ്ടൻ കാക്ക ഭാണ്ഡക്കെട്ട് കൊത്തിയഴിച്ചു. മയിലമ്മയും മക്കളും ആൺമയിലും തളർന്ന മിഴികളോടെ എല്ലാവരെയും നോക്കി. “നിങ്ങൾ വന്നില്ലായിരുന്നെങ്കിൽ...” വാക്കുകൾ പൂർത്തിയാക്കാൻ മയിലമ്മക്ക് കഴിഞ്ഞില്ല. നന്ദിയുടെ നനവ് അവളുടെ കണ്ണുകളിൽ തുളുമ്പിനിന്നു.

**തമിഴ്നാടിന്റെ നെല്ലറ എന്നറിയപ്പെടുന്നത് – തഞ്ചാവൂർ**